# അഭിരാമപർവം

## ഡോ. ടി.ആർ. ശങ്കുണ്ണി

നോവൽരചനയിലെന്നപോലെ ശാസ്ത്രസാഹിത്യരചനയിലും ബാലസാഹിത്യരചനയിലും കൃതഹസ്തനായ ഡോ. ടി.ആർ. ശങ്കുണ്ണി 1960-ൽ വെറ്ററിനറി സയൻസിൽ ബിരുദമെടുത്തു; വെറ്ററിനറി കോളേജിൽ അധ്യാപകനായി. കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് റജിസ്ട്രാറായും പബ്ലിക് റിലേഷൻസ് ഓഫീസറായും സർവകലാശാലയുടെ മുഖപത്രമായ 'കല്പധേനു'വിന്റെ പത്രാധിപരായും സേവനമനുഷ്ഠിച്ചു; സർവകലാശാലയുടെ അക്കാദമിക് വിഭാഗം സീനിയർ ഡെപ്യൂട്ടി റജിസ്ട്രറായി 1990-ൽ വിരമിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആദ്യകാല പ്രവർത്തകനും 'യൂറീക്ക'യുടെ സ്ഥാപക പത്രാധിപരുമായിരുന്നു. കുട്ടികളിൽ ശാസ്ത്രബോധം അങ്കുരിപ്പിക്കാനും വളർത്തിയെടുക്കാനും ഉതകുംവിധം തൃശൂർ കേന്ദ്രമാക്കി 'പ്രിയ വിജ്ഞാനപരിഷത്തി'ന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി, പരിഷത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കുവേണ്ടി അമ്പതു ശാസ്ത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. 1983 മുതൽ അഞ്ചു വർഷക്കാലം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചു. ഉയർന്ന മാനദണ്ഡങ്ങൾ ദീക്ഷിക്കുന്ന ഗ്രന്ഥങ്ങൾക്ക് കേരള സർക്കാർ നൽകുന്ന പാരിതോഷികം നേടിയ 'ശാസ്ത്ര ഗോപുരത്തിന്റെ രാജശില്പികൾ' അടക്കം ആറു പോപ്പുലർ സയൻസ് ഗ്രന്ഥങ്ങളും, കേരള സാഹിത്യ അക്കാദമി അവാർഡും നാഷണൽ അവാർഡും നേടിയ 'വായുവിന്റെ കഥ,' സംസ്ഥാന ബാലസാഹിത്യ പുരസ്കാരം നേടിയ 'ഹിതോപദേശ കഥകൾ' അടക്കം പതിനഞ്ചു ബാലസാഹിത്യഗ്രന്ഥങ്ങളും, ഉറൂബ് അവാർഡ് കരസ്ഥമാക്കിയ 'വേദസാക്ഷി' അടക്കം പന്ത്രണ്ടു നോവലുകളും മുഖ്യരചനകളിൽ ഉൾപ്പെടുന്നു.

**പ്രധാനകൃതികൾ:** ഞാൻ വൈദേഹി, കൃഷ്ണപക്ഷം, യതിഭംഗം, യാതനാപർവം, നക്ഷത്രബംഗ്ലാവ്, സൂര്യഗായത്രി, രാജഗന്ധി, വേദസാക്ഷി, തമ്പുരാന്റെ സ്വന്തം ചിമ്മുട്ടി, കുറൂരമ്മയുടെ മഞ്ജുള, ഒരു മേല്പത്തൂർ കനവ് (നോവൽ), അഷ്ടധാതുക്കൾ എട്ടല്ല, കാലിരോഗങ്ങൾ, ആറ്റം മുതൽ ജനനം വരെ, ഊണുതൊട്ട് ഉറക്കം വരെ, ശാസ്ത്രഗോപുരത്തിന്റെ രാജശില്പികൾ, ഗവ്യശാസ്ത്രം, ലോകപ്രശസ്ത ശാസ്ത്രജ്ഞന്മാരും കണ്ടുപിടിത്തങ്ങളും, ഭാഷാ പ്രയോഗത്തിലെ തെറ്റും ശരിയും. (ശാസ്ത്രസാഹിത്യം), വായുവിന്റെ കഥ, വെള്ളത്തിന്റെ കഥ, വെളിച്ചത്തിന്റെ കഥ, ഭൂമിയുടെ കഥ, പ്രപഞ്ചത്തിന്റെ കഥ, ഇൻസുലിന്റെ കഥ, പെനിസിലിന്റെ കഥ, ആറ്റത്തിന്റെ കഥ, മൂലകങ്ങളുടെ കഥ, ജീവകങ്ങളുടെ കഥ, ഹോർമോണുകളുടെ കഥ, ക്യൂരിമാരുടെ കഥ, ഗലീലിയോവിന്റെ കഥ, നന്ദിനിയുടെ കഥ, ഉപ്പ് ഉണ്ണികൾക്ക്, പുരാണമഞ്ജരി, ഹിതോപദേശകഥകൾ (ബാലസാഹിത്യം), എന്തരോ മഹാനുഭാവുലു (നാടകം)

വിലാസം: 'രേവതി', പൊന്നുവീട്ടിൽ ലെയിൻ, തൃശൂർ - 680 022

# അഭിരാമപർവം

ഡോ. ടി.ആർ. ശങ്കുണ്ണി

എച്ച് & സി ബുക്സ്

Malayalam Language
**ABHIRAMAPARVAM**
Novel

**Dr. T.R. Sankunny**

Rights Reserved

First Published : January 2020

Cover : Vishnu S.S., Art N Colour
Typesetting : Art N Colour

Printed in India
at Ebenezer Printpack, Thrissur

Publishers
**H & C PUBLISHING HOUSE**
Thrissur - 680 001
Website : www.handcbooks.com
E-mail : handcbooks@gmail.com

Distributors
**H & C STORES**
Thiruvananthapuram, Kollam, Pathanamthitta, Kottayam,
Thiruvalla, Pala, Thodupuzha, Thrippunithura, Ernakulam,
Thrissur, Kunnamkulam, Palakkad, Kozhikode,
Kannur, Kanhangad, Bengaluru

No part of this publication may be reproduced or transmitted in any form or by any means, without prior written permission of the publisher

ISBN 978-93-88952-86-6
**₹500.00**
20001-500-01-0120

# ആമുഖം

എഴുപതു വർഷം മുമ്പ്. ഞാനന്ന് ചേർപ്പ് സി.എൻ.എൻ. ബോയ്സ് ഹൈസ്കൂളിൽ പഠിക്കുന്നു. അന്നൊക്കെ ആനിവേഴ്സറിക്ക് പ്രകടപ്രസംഗം ഒരിനമാണ്. ഒരു പാസേജ് തരും; അത് നന്നായി അവതരിപ്പിക്കുന്ന കുട്ടിയാവും ആനിവേഴ്സറി നാളിലെ പ്രകടപ്രസംഗകൻ. ഏഴാംക്ലാസിലായിരുന്ന ഞാൻ പ്രകടപ്രസംഗത്തിന് പേര് കൊടുത്തു. പ്രസംഗത്തിനുള്ള പാസേജ് കിട്ടി: കുട്ടികൃഷ്ണമാരാരുടെ 'വാല്മീകിയുടെ രാമൻ' എന്ന പ്രബന്ധത്തിന്റെ ആദ്യഖണ്ഡിക. വീട്ടിലിരുന്ന് ഉറക്കെച്ചൊല്ലി ഞാൻ പഠിക്കുകയായിരുന്നു: "ഉടലിലെമ്പാടും ഗോപീമൺചന്ദനങ്ങളെക്കൊണ്ട് ശ്രീരാമപാദമുദ്രകുത്തി, ശിരസ്സിനു മേലെ ഉയർത്തിപ്പിടിച്ച കൂപ്പുകയ്യും ഭക്തിഭാവലഹരിയിൽ അടഞ്ഞുകൂമ്പിയ കണ്ണുകളുമായി രാമഭദ്രജയ, രാമചന്ദ്രജയ എന്ന് അത്യുച്ചത്തിൽ സ്തുതിഗീതങ്ങൾ ഉതിർത്തുകൊണ്ട് ആനന്ദനൃത്തം തുള്ളുന്ന തുളസീദാസാദി ഭക്തകവികളേയും അവരുടെ ശിഷ്യന്മാരായ രാമായണവ്യാഖ്യാതാക്കന്മാരേയും ഒട്ടകലെ മാറ്റിനിറുത്തിയിട്ടുവേണം, നാം ആദികവിയായ വാല്മീകിഋഷിയുടെ ലോകോത്തരകാവ്യത്തിലെ നായകനായ രാമചന്ദ്രൻ തിരുവടിയെ നോക്കിക്കാണുക. അവരുടെയെല്ലാം ഇടയിൽ നിൽക്കുമ്പോൾ അദ്ദേഹം ഏതോ ദിവ്യലോകത്തുനിന്നിറങ്ങിവന്നു മനുഷ്യരുടെ ഇടയിൽവെച്ച് ഓരോ മായവിദ്യകൾ കാട്ടി നമ്മുടെ ഭക്തിപൂജകളാകുന്ന പ്രതിഫലം വാങ്ങിക്കൊണ്ട് സഞ്ചരിക്കുന്ന ഒരു ദിവ്യപുരുഷൻ മാത്രമാണ്. കുട്ടികൾക്കും വൃദ്ധകൾക്കും അന്തിക്കിരുന്നു ഉരുക്കഴിക്കാവുന്ന ഒരു നാമവും അമ്പലങ്ങളിൽ പ്രതിഷ്ഠിക്കാനുള്ള ഒരു രൂപവും പൂണ്ടു മനുഷ്യസ്പർശമില്ലാതെ പെരുമാറുന്ന ദിവ്യപ്രഭാതമായ ഒരു നിഴൽ... അതു വിട്ട്, രാമനെ ഒരു മനുഷ്യനായി എണ്ണുകയും ആ നിലയിൽ അദ്ദേഹത്തിന്റെ വെളിപ്പെട്ട മാനുഷികത്വങ്ങളെ നിരൂപണംചെയ്യുകയും വേണം..."

കണ്ണടച്ചുരുവിടുകയായിരുന്നു. പെട്ടെന്നു കണ്ണുതുറന്നു. നോക്കുമ്പോൾ, അമ്മയുണ്ട് മുന്നിൽ!

'ഇതാണോ നീ അവിടെ പ്രസംഗിക്കാൻ പോണത്?' ആ ശബ്ദം ദേഷ്യത്തിൽ ചുവന്നിരുന്നു.

ശബ്ദമൊതുക്കി ഞാൻ പറഞ്ഞു: 'ഇത് പ്രകടപ്രസംഗമാണമ്മേ.'

'പ്രകടപ്രസംഗമല്ല, അധികപ്രസംഗമാണ്-' അമ്മയുടെ രോഷം കലിതുള്ളി: 'തൃപ്രയാറ്റ് തേവരെ മനുഷ്യനായിക്കണ്ടാലേ സ്കൂൾക്കാർക്കൊക്കെ ഇരിക്കപ്പൊറുതി കിട്ടുകയുള്ളൂ, അല്ലേ?' അമ്മ നിന്നു കിതച്ചു: 'പ്രകടനപ്രസംഗോം വേണ്ട, വികടപ്രസംഗോം വേണ്ട. നാളെത്തന്നെ നമുക്ക് തൃപ്രയാറ്റ് പോണം; പ്രായശ്ചിത്തം ചെയ്യണം.'

പിറ്റേന്നു രാവിലെ അമ്മ എന്നെക്കൂട്ടി തൃപ്രയാറ്റ് തേവരുടെ സന്നിധിയിലെത്തി; തേവരെ നിന്ദിക്കുന്ന ആ പ്രസംഗത്തിന് ഞാൻ പേര് നൽകിയതിന് പ്രായശ്ചിത്തം നടത്തിച്ചു.

തൃപ്രയാറ്റ് തേവരായ ശ്രീരാമനെ മനുഷ്യനായിക്കാണുക ഇത്രമാത്രം അധികപ്രസംഗമാണോ എന്നൊരു സംശയം പതിമൂന്നുകാരനായ എന്റെ മനസ്സിലുണ്ടായിരുന്നു. രാമനെ മനുഷ്യനായിക്കാണാൻ നിർബന്ധബുദ്ധി കാണിച്ച അഭിവന്ദ്യനായ കുട്ടികൃഷ്ണമാരാരിൽ നിന്നുതന്നെ സംശയനിവൃത്തി വരിക്കാനുള്ള അവസരം, ഇരുപതുവർഷത്തിനുശേഷം എനിക്ക് സംഗതിവശാൽ കൈവന്നു. വാല്മീകിയുടെ രാമനെക്കുറിച്ച് ഇപ്പോഴും ആ പഴയ അഭിപ്രായം തന്നെയാണോ എന്ന് ഞാൻ സബഹുമാനം അദ്ദേഹത്തോട് തിരക്കി. സത്യസായിബാബയിൽ സാകാരസാക്ഷാൽക്കാരം ദർശിച്ച അദ്ദേഹം ഇങ്ങനെയാണ് മറുപടി നൽകിയത്: 'ആ അഭിപ്രായം നീറി കെട്ടടങ്ങിയതിന്റെ വിഭൂതിയാണ് ഞാനിപ്പോൾ ഉടലിലെമ്പാടും അണിഞ്ഞുനടക്കുന്നത്...'

'അഭിരാമപർവ'ത്തിന്റെ പണിപ്പുരയിലേക്ക് ഞാൻ വലതുകാൽ വെച്ചുകയറിയത് ഈ ദർശനത്തിന്റെ ചുവടിലാണ്....

കുട്ടിക്കാലത്ത് രാമായണം ചൊല്ലിപ്പഠിക്കൽ ചിട്ടയായി ചെയ്തുപോന്നിരുന്നു. അഞ്ചുവയസ്സ് തികഞ്ഞ് ഞാൻ ഒന്നാം ക്ലാസിൽ ചേരുന്ന കാലം, എന്റെ അമ്മയുടെ ഓർമയിൽ തെളിഞ്ഞുനിന്നിരുന്നത്രയും ആദിരാമായണത്തിന്റെ നാടൻശീലുകൾ, അർഥമറിയാതെയാണെങ്കിലും കാണാപ്പാഠംചൊല്ലാൻ എനിക്കു കഴിയുമായിരുന്നു. കാണാപ്പാഠം അറിയാമായിരുന്നുവെങ്കിൽക്കൂടി, രാമകഥ

മുഴുവനായൊന്നും എന്റെ മനസ്സിൽ പതിഞ്ഞിരുന്നില്ല. അത് ഏകദേശം സാധിക്കുന്നത്, കുറച്ചുകൂടി മുതിർന്നപ്പോൾ കമ്പരാമായണം വായിക്കുമ്പോഴാണ്. പിൽക്കാലത്ത് സി.ജി. വാരിയരുടെ വാല്മീകിരാമായണം ഗദ്യവിവർത്തനത്തിലൂടെ കടന്നുപോവുമ്പോഴാണ്, മുണ്ടശ്ശേരിമാസ്റ്ററുടെ ഭാഷയിൽപ്പറഞ്ഞാൽ, കമ്പോടുകമ്പ് രാമകഥ മനസ്സിൽ തെളിച്ചം വീഴ്ത്തുന്നത്.

വാല്മീകിരാമായണത്തിനപ്പുറം രാമകഥയില്ല എന്ന കഥയില്ലായ്മ തലയിലേറ്റി നടന്നിരുന്ന എന്റെ ശ്രദ്ധയിൽ, തികച്ചും യാദൃച്ഛികമായാണ് ഫാദർ കാമിൽ ബുൽക്കെയുടെ 'രാമകഥ' വന്നുപെട്ടത്. ഞാൻ അക്ഷരാർഥത്തിൽ അന്തംവിട്ടുനിന്നു! എത്രയെത്ര രാമായണങ്ങളുടെ കഥയാണ്, 'രാമകഥ' എന്റെ കൺമുമ്പിൽ വിടർത്തിയത്! ആനന്ദരാമായണം, അത്ഭുതരാമായണം, രംഗനാഥരാമായണം, ദശരഥരാമായണം, മഹാരാമായണം, സംവൃതരാമായണം, ചാന്ദ്രരാമായണം... ഭാരതീയഭാഷകളിലെ രാമായണങ്ങൾ പിന്നേയും നീണ്ടു. വിദേശഭാഷകളിലാണെങ്കിൽ, ടിബറ്റ് രാമായണം, ഖോത്താനി രാമായണം, ഇൻഡൊനേഷ്യൻ രാമകഥ, സയാംദേശത്തിന്റെ രാമകിയേന... ഇവയത്രയും തേടിപ്പിടിച്ചുവായിക്കാൻ സമയം കാണുകയായിരുന്നു ഇക്കഴിഞ്ഞ വർഷങ്ങളായി...

സുപ്രധാനകഥാപാത്രങ്ങളുടെ പ്രാധാന്യം നിലനിറുത്തിക്കൊണ്ട്, നിഴലിൽ നിൽക്കുന്ന കഥാപാത്രങ്ങൾക്ക് തിളക്കം നൽകാനുള്ള ഒരു നിയോഗമാണ് 'അഭിരാമപർവ'ത്തിൽ എന്റേതെന്ന് ഞാൻ തുടക്കത്തിലേ തിരിച്ചറിഞ്ഞു. ശ്രമസാധ്യമായ എന്റെയീ യജ്ഞത്തിൽ എന്നെ യജമാനസ്ഥാനത്ത് നിറുത്തിയത് അഭിവന്ദ്യനായ കെ.എൻ. കൃഷ്ണൻ നമ്പൂതിരിയാണ്. തൃശൂർ രാമശക്തിമിഷന്റെ ജീവാത്മാവായിരുന്ന അദ്ദേഹത്തിന്റെ പ്രേരണയും പ്രാർഥനയും എനിക്ക് ഉൾവെളിച്ചം നൽകി. പരിമിതവിഭവനായ ഞാൻ രചനയുടെ ബൗദ്ധികപ്രതിസന്ധിയിൽ നിസ്സഹായതയോലുമ്പോൾ, വിവിധ രാമായണങ്ങൾ എന്റെനേരെ കൈവിരൽത്തുമ്പ് നീട്ടിത്തന്ന സന്ദർഭങ്ങൾ നിരവധിയാകുന്നു...

'അഭിരാമപർവം' എന്റെ കൈകൊണ്ടുതന്നെ രൂപപ്പെടണം എന്ന് നിർബന്ധം പൂണ്ടത് എന്റെ അമ്മയാണ്. ഔപചാരികമായ വിദ്യാഭ്യാസം സംലഭ്യമായിട്ടില്ലാത്ത എന്റെ അമ്മ, വായ്മൊഴിയിലൂടെ തനിക്ക് കൈവന്ന ആദിരാമായണ ശീലുകൾ മുഴുവനായും എന്നെ ചൊല്ലിപ്പഠിപ്പിച്ചത്, ഒരു കാലം 'അഭിരാമപർവ'ത്തിന്റെ സാക്ഷാൽ

ക്കാരത്തിന് ചുക്കാൻ പിടിക്കാനല്ലെങ്കിൽപ്പിന്നെ എന്തിനായിരുന്നു എന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്.

ഓർക്കാം: ആദിരാമായണം ശ്രീരാമപട്ടാഭിഷേകത്തോടെ പര്യവസാനിക്കുന്നു. അതിന്റെ ശീലുകൾ അറിയാവുന്നത്ര എനിക്കു ചൊല്ലിത്തന്ന അമ്മയുടെ ഓർമയ്ക്കായി എന്റെ ശൈലിയിൽ രാമായണം എഴുതണം എന്നൊരു മോഹം എനിക്കുണ്ടായി; എഴുതി വന്നപ്പോൾ അത് 'അഭിരാമപർവ'മായി. അകാലത്ത് എന്നെ വിട്ടു പിരിഞ്ഞ അമ്മയ്ക്ക് ഞാനിത് സമർപ്പിക്കുന്നു.

'അഭിരാമപർവം' മികവോടെ ഭാവുകരുടെ കൈകളിലെത്തിക്കുന്നത് എച്ച് & സി ബുക്സാണ്. എന്റെ ഹൃദയം നിറഞ്ഞ നന്ദി ഇവിടെ പ്രകാശിപ്പിക്കുന്നു.

**ഡോ. ടി.ആർ. ശങ്കുണ്ണി**

കൂജന്തം രാമരാമേതി
മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം
വന്ദേ വാല്മീകി കോകിലം

# ഒന്ന്

## 1

**കൗ**സല്യാദേവിയുടെ അന്തഃപുരം സുബാല്യം. സുമിത്രാദേവിയുടെ അന്തഃപുരം സൗമിത്രം. സാകേതം വിടർത്തുന്ന താമരയല്ലിക്കണ്ണുകളാണെന്നേ ഇവയെ വിശേഷിപ്പിക്കാൻ തോന്നൂ. വിശ്വകർമദേവന്റെ കരവിരുതു തെളിയിക്കുന്ന ഈ അന്തഃപുരങ്ങൾക്കുമധ്യേ, സാകേതത്തിന്റെ നെറ്റിയിലെ നവരത്നതിലകമായി തിളങ്ങി, രാജ്ഞി കൈകേയിക്കുവേണ്ടി ദേവശില്പി നിർമിച്ചെടുത്ത അന്തഃപുരം – സാരൂപ്യം.

സുരൂപയായ രാജ്ഞി കൈകേയി സാരൂപ്യത്തിന്റെ പടികയറിയപ്പോൾ ദിക്കുകളിൽ മംഗളവാദ്യം മുഴങ്ങി. ശ്വശ്രുവിന്റെ സ്ഥാനത്തുനിന്ന് രാജ്ഞിയെ അന്തഃപുരത്തിലേക്കു കൈപിടിച്ചുകയറ്റിയ കൗസല്യാദേവി, രാജവധുവിന് കണ്ണേൽക്കാതിരിക്കാൻ ഉപ്പുഴിഞ്ഞു. മൂന്നുവട്ടം വലംവെച്ച് കാൽതൊട്ടുവന്ദിക്കാൻ ഒരുമ്പെട്ടുവന്ന വധുവിനെ, വലംവെക്കാനനുവദിക്കാതെ, ആചാരം മറന്നമട്ടിൽ കൗസല്യാദേവി വാരിപ്പുണർന്നു; സീമന്തരേഖയിലെ കുങ്കുമം പുരണ്ട ചുട്ടിയിലെ നവരത്നങ്ങൾ തിളക്കമേൽപ്പിച്ച നെറ്റിയിൽ അമർത്തിച്ചുംബിച്ചുകൊണ്ട് ആശീർവാദപൂർവം പറഞ്ഞു: 'ദീർഘസുമംഗലീ ഭവ. പുത്രവതീ ഭവ.'

വലംവെച്ചു വന്ദിക്കാൻ സുമിത്രാദേവിയും സമ്മതിച്ചില്ല. മുന്നിൽ വന്നുനിന്ന് കാലിൽതൊടാൻ കുനിയുമ്പോഴേക്കും വധുവിനെ വാരിപ്പിടിച്ചു; കവിളിൽ ചുണ്ടുചേർത്തു പറഞ്ഞു: 'ദീർഘസുമംഗലിയാവട്ടെ. പുത്രവതിയാവട്ടെ.'

രാജകീയപ്രഭാവത്തിന്റെ സാകേതത്തിൽ, ഐശ്വര്യപ്രവാഹത്തിന്റെ സങ്കേതത്തിൽ, ഗംഗയും യമുനയും സരസ്വതിയും സംഗമിക്കുകയായിരുന്നു. സാകേതം മുഴുവൻ ത്രിവേണീസംഗമത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട്, ആഹ്ലാദത്തികവിന്റെ ഉത്തുംഗഫണാഗ്രമേറിനില്ക്കുമ്പോൾ, ഉത്തരകോസലത്തിലെ ശ്രാവസ്തി വാഴുന്ന

രാജർഷി അനരണ്യൻ രാക്ഷസേശ്വരനായ രാവണന്റെ യുദ്ധദർപ്പത്തിനിരയാവുന്നത് ആരുമറിഞ്ഞില്ല.

ചൈത്രനാഥത്തിൽവെച്ച് സഹസ്രാർജുനനിൽനിന്ന് തോൽവി ഏറ്റുവാങ്ങിയ രാവണൻ നേരെ ശ്രാവസ്തിയിലെത്തിയതാണ്. രാജാ ഷഡ്ദർശനൻ സാകേതത്തിൽനിന്ന് ശ്രാവസ്തിയിൽ തിരിച്ചെത്തിയിരുന്നില്ല. രാജർഷിയായ അനരണ്യനായിരുന്നു ഉപസ്ഥാനത്ത്. രാവണൻ അദ്ദേഹത്തെ പോരിനു വിളിച്ചു: 'ഒന്നുകിൽ യുദ്ധം ചെയ്യാൻ തയ്യാറാവൂ. അല്ലെങ്കിൽ തോൽവി സമ്മതിക്കൂ.'

വയോധികനെങ്കിലും ക്ഷത്രവീര്യം സിരകളിൽ വറ്റിയിട്ടില്ലാത്ത രാജർഷി അനരണ്യൻ രാവണന്റെ ധാർഷ്ട്യത്തിൽ പ്രകോപിതനായി; രുഷ്ടനായി പറഞ്ഞു: 'രാക്ഷസനായകാ, യുദ്ധധർമത്തിനനുസരിച്ചല്ല നീ എന്നെ പോരിനു വിളിച്ചത്. പോരിനു വിളിച്ച സ്ഥിതിക്ക് നിന്നെ എതിരിടാതിരിക്കാനും വയ്യ. ഉറച്ചുനിന്നു കൊള്ളുക. ഞാനിതാ ദ്വന്ദ്വത്തിന് തയാറായിക്കഴിഞ്ഞു.'

രാവണന്റെ വരവിനെക്കുറിച്ച് രാജർഷിക്ക് നേരത്തെ അറിവു കിട്ടിയിരുന്നു; അദ്ദേഹം സൈന്യത്തെ ഒരുക്കിനിർത്തുകയും ചെയ്തു. പതിനായിരം ആനകളടങ്ങുന്ന ഗജസൈന്യം. ലക്ഷം കുതിരകളുടെ അശ്വനിര. ആയിരമായിരം തേരുകൾ. അസംഖ്യം കാലാൾപ്പട... പക്ഷേ, മാരീചനും പ്രഹസ്തനും ശുകസാരണന്മാരും മഹോദരനുമടങ്ങുന്ന രാക്ഷസപ്രമുഖർ നയിക്കുന്ന രാക്ഷസസൈന്യത്തെ നേരിടാൻ അനരണ്യന്റെ പടയ്ക്കു കഴിയുമായിരുന്നില്ല. രാക്ഷസസൈന്യത്തിന്റെ അദമ്യശക്തിയിൽ അനരണ്യസൈന്യം ഹവിസ്സുപോലെ വെന്തെരിഞ്ഞു ചാമ്പലായി.

രാജർഷി അനരണ്യൻ ഹതാശനായില്ല; സുധീരം രാവണനെ ദ്വന്ദ്വത്തിലേറ്റു. ലങ്കേശന്റെ രാക്ഷസശക്തിക്കുമുന്നിൽ രാജർഷിക്കു പിടിച്ചുനില്ക്കാനായില്ല. രാവണന്റെ ഒരു താഡനം ശിരസ്സിലേറ്റ പാടെ, ഇടിത്തീയേറ്റ മരം കടപുഴകി വീഴുമ്പോലെ, രാജർഷി നിലം പതിച്ചു. വിജയലഹരിയിൽ രാവണൻ അനരണ്യന്റെ നെഞ്ചിൽ കാൽവെച്ചുകൊണ്ടു പറഞ്ഞു: 'ക്ലീബൻ വീരനോടു ധാർഷ്ട്യം പറയരുത്. എന്നെ നീ ദ്വന്ദ്വത്തിനു വിളിച്ചു അല്ലേ? നിനക്കറിയാമോ, സ്വർഗം ഭൂമി പാതാളത്തിൽ ഈ രാവണനെ ദ്വന്ദ്വത്തിലേൽക്കാൻ ആരുമില്ല. പ്രായത്തിനൊത്ത വിവേകം നിനക്കുണ്ടായിരുന്നെങ്കിൽ നീയെന്നോടു പൊരുതുമായിരുന്നില്ല. ഞാൻ നിന്നോട് പറഞ്ഞതല്ലേ, തോൽവി സമ്മതിക്കാൻ? നീയെന്തു കരുതി? നിന്റെയീ സൈന്യത്തെ

ക്കണ്ട് ലങ്കേശ്വരൻ രാവണൻ പേടിച്ചോടുമെന്നോ? മനുഷ്യകീടമേ, നിന്റെ സേനയെ നേരിടാൻ, എന്റെ സൈന്യത്തിലെ ഒരുവൻ മതി. എനിക്കാണെങ്കിൽ, ഒരു കൈ വേണ്ട; ഒരു വിരൽ മതി. അതൊന്നു മറിയാത്തതു കാരണം, നീയിതാ കാലപുരി പൂകുന്നു.'

'നിറുത്ത്.' – രാജർഷി അനരണ്യൻ കിടന്ന കിടപ്പിൽ ഗർജിച്ചു: 'നീ വിചാരിക്കുന്നത് നീയെന്നെ അടിപ്പെടുത്തി എന്നാണ്; അല്ലേ? മൂഢാ, നീയെന്നെ ജയിച്ചിട്ടില്ല. ഞാൻ കാലപുരിപൂകുന്നത് നിന്നിൽ നിന്നു തോൽവിയേറ്റിട്ടല്ല, എന്റെ വിധിക്ക് വശംവദനായിട്ടാണെന്നു മനസ്സിലാക്കുക. നീയതിനു കേവലമൊരു നിമിത്തം മാത്രം. ഞാൻ പോരിലേറ്റത് നിന്നെയല്ല, നിന്റെ നിലമറന്നുള്ള നിഗളിപ്പിനേയാണ്; ഗർഹ്യമായ ഗർവത്തേയാണ്. നീ ത്രിഭുവനങ്ങളെയും ജയിച്ചവനായിരിക്കാം; പക്ഷേ, നിന്നോടുള്ള യുദ്ധത്തിൽനിന്ന് ഞാൻ പിൻതിരിഞ്ഞില്ല, യുദ്ധംചെയ്തിട്ടാണ് ഞാൻ കാലപുരിപൂകുന്നത്. നിന്റെ രാക്ഷസബുദ്ധിക്കറിയാമോ എന്നെനിക്കറിയില്ല, ഏതു വീര ക്ഷത്രിയനും കാംക്ഷിക്കുന്ന ചരമമാണിത്. നീതിബോധമില്ലാത്ത രാക്ഷസാധമാ, ഒരു കാര്യം ഓർക്കുക: യുദ്ധത്തിൽ തോൽക്കുന്നയാൾ ജയിക്കുന്നവനേക്കാൾ മോശക്കാരനാവണമെന്നില്ല. തോൽക്കുന്നവൻ ഭീരുവാണെന്നും കരുതരുത്. ഭീരുക്കൾ തോൽക്കാറില്ല; യുദ്ധക്കളത്തിൽനിന്ന് പിന്തിരിഞ്ഞോടുകയാണ് പതിവ്. ഭീരുവല്ലാതിരുന്നിട്ടും, ധീരമായി പൊരുതിയിട്ടും, തോറ്റു എന്ന കാരണത്താൽ, രാക്ഷസകീടമേ, നീയെന്റെ നെഞ്ചിൽ ചവിട്ടിയില്ലേ? ഞാനിതാ നിന്നെ ശപിക്കുന്നു. എന്റെ പ്രജകളെ ഞാൻ ധർമാനുസാരം രക്ഷിച്ചിട്ടുണ്ടെങ്കിൽ, ദാനവും ഹോമവും തപവും യഥാവിധി ഞാൻ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ, എന്റെ വാക്കുകൾ സത്യമായി ഭവിക്കട്ടെ. എന്റെ വംശത്തിൽ പിറക്കുന്ന ഒരുവൻ നിന്റെ അന്തകനായി ഭവിക്കും.'

ആ സമയം ആകാശം പൂമഴ ചൊരിഞ്ഞു. ദിക്കുകളിൽ ദേവദുന്ദുഭി മുഴങ്ങി. ആ മുഴക്കത്തെ മുക്കിക്കളയുന്ന ശബ്ദത്തിൽ രാവണൻ അട്ടഹസിച്ചു: 'എന്താണ് നീ പറഞ്ഞത്? നിന്റെ വംശത്തിൽ പിറന്ന ഒരുവൻ എന്റെ അന്തകനായി ഭവിക്കുമെന്നോ?' ആർത്തു ചിരിച്ചുകൊണ്ട് അലറുന്ന ശബ്ദത്തിൽ തുടർന്നു: 'അതു വേണ്ടിവരും. കാരണം, നീ അന്തകനെന്നു വിളിക്കുന്നതാരെയാണോ, അവനെ ഞാനിതാ വധിക്കാൻ പോവുകയാണ്. ഞാൻ നേരേ പോവുന്നത് ആ അന്തകന്റെ അരികിലേക്കാണ്; അവന്റെ അന്ത്യം കാണാൻ. അതെ. ഇനിമേലിൽ, അന്തകന്റെ ജോലി മറ്റാരെങ്കിലും

ഏറ്റെടുക്കേണ്ടിവരും.' അലറിക്കൊണ്ടു തുടർന്നു: 'നിന്റെ വംശത്തിൽപ്പിറക്കുന്ന ഒരുവൻ എന്റെ അന്തകനായി ഭവിക്കും, അല്ലേ? മൂഢാ, ഈ കഴിഞ്ഞ നാൽപ്പത്തൊന്നു ദിവസമായി ചൈത്രനാഥത്തിൽ എന്റെ ഗുരുവരൻ ശുക്രാചാര്യൻ എനിക്കുവേണ്ടി യജ്ഞം ചെയ്യുകയായിരുന്നു. നിന്റെ കകുൽസ്ഥവംശത്തിൽ ഒരൊറ്റ കുഞ്ഞും ജനിക്കാതിരിക്കാനുള്ള നിർബീജതാകാര്യേഷ്ടി... അത് പുലർത്താനാണ് ഞാൻ വന്നിരിക്കുന്നത്. അപ്പോൾ പിന്നെ, നിന്റെ ശാപം ഫലിക്കുന്നത് എനിക്കൊന്നു കാണണം.'

രാജർഷി അനരണ്യന് അത് കേൾക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ജീവൻ അതിനകം പരലോകത്തെത്തിക്കഴിഞ്ഞിരുന്നു.

## 2

**സാ**രൂപ്യത്തിന്റെ വെൺമാടത്തിൽ നക്ഷത്രങ്ങൾ പൂത്ത തെളിമാനത്തിനു കീഴേ, മുല്ലപ്പൂവിന്റെ മെത്തയിൽ കിടക്കുകയായിരുന്നു രാജാദശരഥൻ. മെയ്യോടുമെയ്യുരുമ്മിക്കിടന്ന രാജ്ഞി കൈകേയി, പ്രാണനാഥന്റെ കാതിൽ നാണത്തോടെ മന്ത്രിച്ചു: 'ആര്യപുത്രാ, പൂജ്യനാരദരുടെ പ്രവചനം ഫലിച്ചിരിക്കുന്നു.'

'ഉവ്വോ?' രാജാദശരഥൻ പിടഞ്ഞെണീറ്റു. രാജ്ഞിയെ വാരിയെടുത്തു; നനഞ്ഞമണ്ണിന്റെ നേർത്തമണമുള്ള ചുണ്ടിൽ അമർത്തിച്ചുംബിച്ചുകൊണ്ടു പ്രേമപൂർവം തിരക്കി: 'നേരുതന്നെയാണോ, പ്രിയേ?'

രാജാവിന്റെ കഴുത്തിൽ ഇറുകെപ്പിടിച്ചുകൊണ്ടു രാജ്ഞി മന്ത്രിച്ചു: 'അതെ, നേരുതന്നെ.'

രാജാവിന്റെ മനസ്സിൽ ആഹ്ലാദം നുരകുത്തിയുയർന്നു. എത്രയോ വർഷമായി താൻ കേൾക്കാനാഗ്രഹിച്ചിരുന്ന ഒരു കേൾവിയാണിത്.

കേട്ടിട്ടുണ്ട്: ഗർഭത്തിന്റെ ഹൃദയം മാതൃഹൃദയവുമായി ബന്ധപ്പെട്ടിരിക്കുകമൂലം, രക്ഷയ്ക്കായി മാതാവിന്റെ മനസ്സിനെ നിത്യതുഷ്ടമാക്കിവെക്കണം. ഇല്ലെങ്കിൽ ഗർഭത്തിനു വൈഷമ്യങ്ങൾ വന്നുചേരും. മാതാവിന്റെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിക്കണം.

'പറയൂ, പ്രിയേ. എന്താഗ്രഹമാണു ഞാൻ സാധിപ്പിച്ചുതരേണ്ടത്?'

'എനിക്ക്-എനിക്ക് അരുന്ധതീദേവിയെ ഒന്നു കാണണം-' രാജ്ഞി ശബ്ദമൊതുക്കിപ്പറഞ്ഞു: 'ദേവിയോടു പറഞ്ഞതിനു ശേഷമേ ഇനി ആരോടും ഞാനീ വിശേഷം പറയൂ.'

'അതുമതി. എപ്പോഴാണ് പോവേണ്ടത്?'

'നാളെ, നാളെ രാവിലെ.'

'ആവാം.'

രാവിലെത്തന്നെ ഗുരുദേവന്റെ ആശ്രമത്തിലേക്കു പോന്നു. സുമന്ത്രരോടു രാജാവ് പറഞ്ഞു: 'മെല്ലെ പോയാൽ മതി.'

ശരീരം തേരിലും മനസ്സ് മനോരഥത്തിലുമായിരുന്നു. മനോരഥം എത്ര ഉയരെയാണ് സഞ്ചരിക്കുന്നത്. മേഘങ്ങളുടെ പുറത്തുകൂടിയാണ് എന്നു രാജാവിനു തോന്നി. തട്ടും തടവുമില്ലാതെ രാജവീഥിയിലൂടെ തേരോടുമ്പോൾ കാതിലേതോ മുളക്കം ശ്രുതിയിടുന്നു: പിറക്കാനിരിക്കുന്ന ആപത്യത്തിന്റെ ഇളംകൊഞ്ചലാണോ അതോ, വംശകർത്താവായ മഹാരഥന്റെ യശോദ്ഗാനങ്ങൾ അലഞ്ഞൊറിയുകയാണോ?

തേർത്തട്ടിലൊരുക്കിയ മെത്തയിൽ ഇരിക്കയാണ് രാജ്ഞി. കൊടിമരത്തിൽ ചാരിനിന്ന രാജാവിന്റെ നോട്ടം രാജ്ഞിയെ തൊട്ടുഴിഞ്ഞു, പേർത്തും പേർത്തും മതിവരാത്തപോലെ. അനുഷ്ഠിക്കേണ്ട ഗർഭസംസ്കാരങ്ങളെക്കുറിച്ച് അദ്ദേഹം മനസ്സിൽ കണക്കെടുക്കുകയായിരുന്നു. മൂന്നാംമാസം പുംസവനം, നാലാം മാസം അനലോഭനം, എട്ടാം മാസത്തിൽ സീമന്തോന്നയനം,...

പെട്ടെന്ന്, മാനം കറുത്തു. എവിടെനിന്നെന്നറിയില്ല, ചീറിയടിക്കുന്ന കൊടുങ്കാറ്റ്. കൊടുങ്കാറ്റിന്റെ കൈകളിൽ രഥം ഉലഞ്ഞാടി. കുതിരകൾ അലറിച്ചിനച്ചു. കണ്ണഞ്ചിക്കുന്ന ഒരു ഇടിമിന്നൽ. കാതടച്ചുകളഞ്ഞ ഇടിനാദം. എന്തോ കത്തിയെരിഞ്ഞ പുക കണ്ണിലും മൂക്കിലും നിറഞ്ഞു. കാതിൽ നിറയുന്ന ശബ്ദം–

അപക്രാമത ഗർഭിണ്യഃ

പ്രമന്ദിനേപിതുമദർച്ചതാലചോ

അവസ്യാവോ വൃഷ്ണംവജ്രദക്ഷിണം

മരുത്വന്തം സഖ്യാ ഹവാമഹേ

യഥാസ്ഥാനം ഗർഭിണ്യഃ

സൂക്തത്തിന്റെ അർഥം മനസ്സിലേക്ക് അഗ്ന്യാസ്ത്രമായി ആഴ്ന്നുകേറുന്നു: ഗർഭിണികൾ നീങ്ങിനിൽക്കണം. തോഴനായ ഋജിശ്വാനെന്ന രാജാവിനോടു ചേർന്ന് കൃഷ്ണാസുരനിൽനിന്നു ഗർഭം ധരിച്ച ഭാര്യന്മാരെ കൊന്നുകളഞ്ഞ സ്തോതവ്യനായ ആ ഇന്ദ്രന്, ഋത്വിക്കുകളേ, ഹവിരന്നത്തോടുകൂടി സ്തുതി നല്ലപോലെ ചൊല്ലുക. രക്ഷണമിച്ഛരിക്കുന്ന ഞങ്ങൾ കാമവർഷകനും വലത്തേ കൈയിൽ വജ്രായുധത്തോടുകൂടിയവനും മരുത്തുക്കളോടു ചേർന്ന

വനുമായ ഇന്ദ്രനെ സഖ്യത്തിലാക്കാനായി വിളിക്കുന്നു... ഗർഭിണി കൾ മുൻസ്ഥാനത്തു വരാം...

'അയ്യോ–' ഉറക്കെ നിലവിളിച്ചു. ആരോ എവിടെയോ നടത്തുന്ന നീർബീജതാകാര്യേഷ്ടിയുടെ യജ്ഞശാലയിലേക്കാണോ ചെന്നു പെട്ടിരിക്കുന്നത്? 'കൈകേയീ, പ്രിയേ, നീ ഇവിടേക്കു വരരുതേ.'

എന്തിലോ തട്ടി രഥം കീഴ്മേൽ മറിഞ്ഞു എന്നറിഞ്ഞു. എന്തോ വന്ന് തന്റെ മേൽ ഊക്കിൽ പതിച്ചു. വേദനയേറ്റു പിടഞ്ഞു. മുഖ ത്തെന്തോ കുത്തിത്തറയ്ക്കുന്നു...

'ആര്യപുത്രാ'– ആരോ വിളിക്കുന്നു. ശ്രദ്ധിച്ചു: കൗസല്യാദേവി യല്ലേ?

അതെ. കൗസല്യാദേവി തന്നെ. ദേവിയുടെ അമ്പരന്ന മുഖം തിര ക്കുന്നു: 'എന്തേ? എന്തു പറ്റി?'

തൊണ്ടയിൽ ശബ്ദം ഞെരുങ്ങി. ഒരു വിധം ശബ്ദം പുറത്തു വന്നു: 'ഞാൻ– ഞാൻ– എവിടെയാണ്?'

മെല്ലെ ബോധം തെളിഞ്ഞു. ബോധം തെളിഞ്ഞപ്പോഴറിഞ്ഞു: താൻ സുബാല്യത്തിലാണ്...

കൗസല്യാദേവിയുടെ സ്നേഹമൂറുന്ന സ്വരം തിരക്കുന്നു: 'ആര്യ പുത്രാ, സ്വപ്നം വല്ലതും കണ്ടോ? ഉറക്കേ നിലവിളിച്ചുവല്ലോ.'

'ഉവ്വ്, പ്രിയേ, ഒരു സ്വപ്നം കണ്ടു–' ചുണ്ടിനുകീഴേ പറഞ്ഞു. നെറ്റിയിലെ വിയർപ്പ് പട്ടമഹിഷിയുടെ കൈകൾ തുടച്ചെടുക്കുന്ന തിന്റെ ആശ്വാസത്തിൽ ലയിച്ചിരിക്കേ, മന്ത്രിച്ചു: 'ഒരിക്കലും പൂവ ണിയാനിടയില്ലാത്ത ഒരു സ്വപ്നം.'

ആ സ്വപ്നം എന്തായിരുന്നുവെന്ന് കൗസല്യാദേവിയോട് വിവരി ക്കേണ്ടതില്ല. അവരും അതുപോലുള്ള സ്വപ്നം ഒട്ടേറെ കണ്ടു കൂട്ടിയിട്ടുണ്ട്– ഇക്കഴിഞ്ഞ ഇരുപത്തിരണ്ടുവർഷമായി... തന്നിൽ ക്കൂടി ആ സ്വപ്നം പൂവണിയില്ലെന്നു കണ്ടപ്പോൾ, മറ്റാരിൽക്കൂടി യെങ്കിലും അതു പൂവിടർത്തട്ടെ എന്നു കരുതി. അതിനായി പതി നേഴുവർഷംമുമ്പ് സുമിത്രാദേവിയെ സപത്നിയായി കൈക്കൊണ്ടു. ആ സ്വപ്നം വിടർത്താനുള്ള ദേവഹിതവുമായി ദേവർഷി നിയോ ഗിച്ച കൈകേയിയേയും സപത്നിയായി കൈക്കൊണ്ടിട്ടിതാ– എട്ടു വർഷമായി... തനിക്കാവാത്തതു നേടാൻ കുറുക്കുവഴികൾ തേടുക യായിരുന്നു... എന്നിട്ടും താൻ ലക്ഷ്യത്തിലെത്തിയില്ലല്ലോ.

അല്ലെങ്കിലും കുറുക്കുവഴികൾ ജീവിതത്തിൽ ക്ഷേമകരമാവില്ല. സൂര്യനെ വലംവെക്കുന്ന ഭൂമി കുറുക്കുവഴി അവലംബിച്ചാൽ